രാസവളപ്രയോഗത്തിനെതിരെയുള്ള പ്രതിഷേധം

64 (2512) ശ്രീ. സാജു പോൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമിതമായ രാസവളപ്രയോഗത്തിനെതിരെ ലോകമെങ്ങും പ്രതിഷേധം ഉയർന്നു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ കൃഷിയിൽ കീടനാശിനികളും രാസവളങ്ങൾ ഉപയോഗിക്കുന്നത് മാരകമായ രോഗങ്ങൾക്ക് കാരണമാകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ജൈവ വളങ്ങൾക്ക് പ്രാധാന്യം നൽകി കൃഷിയിറക്കുന്നതിന് കർഷകരെ സഹായിക്കാൻ സർക്കാർ ശ്രമിക്കുമോ ;

(ഡി) കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന പല കാർഷിക ഉൽപ്പന്നങ്ങളും നിരോധിക്കാനുള്ള യുറോപ്യൻ രാജ്യങ്ങളുടെ തീരുമാനം കൃഷിക്കാരെ ഗുരുതരമായി ബാധിക്കുമെന്നതിനാൽ കർഷകരെ സഹായിക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇതിനുള്ള പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു.

(ഡി) ഇതു സംബന്ധിച്ചു ആധികാരികമായ വിവരങ്ങൾ ലഭ്യമായിട്ടില്ല.

ഫാം കൗൺസിലുകളുടെ ഘടന

65 (2513) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള കൃഷി ഫാമുകളുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനും തൊഴിൽ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുമായി സംസ്ഥാന ഗവൺമെന്റ് രൂപീകരിച്ച 'ഫാം കൗൺസിലുകൾ" ഇപ്പോൾ നിലവിലുണ്ടോ ;

(ബി) ഫാം കൗൺസിലുകളുടെ ഘടന എങ്ങനെയാണ് ; ഇതിൽ അംഗങ്ങളായിട്ടുള്ളവർ ആരെല്ലാമാണ് ;

(സി) ഫാം കൗൺസിൽ എന്നാണ് രൂപീകരിച്ചത് ; ഇതിന്റെ എത്ര യോഗങ്ങൾ ചേർന്നു എന്ന് വ്യക്തമാക്കാമോ ;

(ഡി) ഫാം കൗൺസിൽ പുനഃസംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) സർക്കാർ കൃഷിഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) സംസ്ഥാനതല ഫാം കൗൺസിൽ 24-2-1997-ൽ മൂന്ന് യോഗങ്ങൾ നടത്തിയിട്ടുണ്ട്.

(ഡി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ഇ) ഓരോ ഫാമിന്റെയും പ്രത്യേകതകൾ കണക്കിലെടുത്ത് അഞ്ച് വർഷം കൊണ്ട് നടപ്പിലാക്കാൻ വേണ്ടി ഓരോ ഫാമിനും ഓരോ പെർസ്പെക്ടീവ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകൾ

66 (2514) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ എവിടെയൊക്കെയാണെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത ഫാമുകളുടെ കൃഷി ഉൽപ്പന്നങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) ഓരോ ഫാമിലേയും സ്ഥിരം ജീവനക്കാരും താൽക്കാലിക ജീവനക്കാരും എത്രയെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) വിവിധ ഇനത്തിൽപ്പെട്ട നെൽവിത്ത്, നാടൻ തെങ്ങിൻ തൈകൾ, വാഴക്കന്നുകൾ, കുരുമുളക് തൈകൾ, കരിമ്പിന്റെ നടീൽ വസ്തുക്കൾ, കശുമാവ് ഗ്രാഹ്റ്റ്, പേര, സപ്പോട്ട, മാവ്, പ്ലാവ്, മാതളം എന്നിവയുടെ തൈകൾ പേന, ചേമ്പ്, കാച്ചിൽ, മഞ്ഞൾ, ഇഞ്ചി എന്നിവയുടെ നടീൽവസ്തുക്കൾ, ഔഷധ സസ്യങ്ങൾ, തൈകൾ, അലങ്കാര ചെടികളായ റോസ്, ആന്തൂറിയം, ഓർക്കിഡ് വിവിധ ഇനം പച്ചക്കറി വിത്തുകൾ എന്നിവയാണ് സംസ്ഥാനത്തെ ഫാമുകളുടെ കൃഷി ഉൽപന്നങ്ങൾ.

(സി) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[10-7-2003-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 65(2513) കാണുക]

1. സംസ്ഥാനതല ഫാം കൗൺസിലിന്റെ ഘടന

(1)	കാർഷികോല്പാദന കമ്മീഷണർ	ചെയർമാൻ
(2)	കൃഷി ഡയറക്ടർ	വൈസ്-ചെയർമാൻ
(3)	അഡീഷണൽ ഡയറക്ടർ (ഫാംസിന്റെ ചുമതലയുള്ളത്)	കൺവീനർ
(4)	സംസ്ഥാന എഞ്ചിനീയർ (കൃഷി)	അംഗം
(5)	കാർഷിക സർവകലാശാലയിലെ ഒരു ശാസ്ത്രജ്ഞൻ	"
(6)	ജോയിന്റ് ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്	"
(7)	ഫാം തൊഴിലാളി യൂണിയനിൽ നിന്നും ഓരോ പ്രതിനിധികൾ വീതം	"

2. ജില്ലാതല ഫാം കൗൺസിലിന്റെ ഘടന

(1)	ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്	ചെയർമാൻ
(2)	ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ (കൃഷി വകുപ്പു ചുമതലയുള്ള)	വൈസ്-ചെയർമാൻ
(3)	ജില്ലയിലെ അംഗീകൃത ഫാം തൊഴിലാളി സംഘടനയുടെ ഓരോ പ്രതിനിധികൾ വീതം	അംഗങ്ങൾ
(4)	ജില്ലയിലെ ഫാമുകളുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ	അംഗങ്ങൾ
(5)	ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിന്റെ പ്രതിനിധി	അംഗം
(6)	മൈനർ ഇറിഗേഷൻ വകുപ്പിന്റെ പ്രതിനിധി	"
(7)	ഫാം നിലനില്ക്കുന്ന ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റ്	"
(8)	കാർഷിക സർവ്വകലാശാലയിലെ ഒരു ശാസ്ത്രജ്ഞൻ	"
(9)	പ്രിൻസിപ്പൽ കൃഷി ഓഫീസർ	കൺവീനർ

LIBRARY ARCHIVES Kerala Legislative Assembly

3. ഫാംതല കൗൺസിലിന്റെ ഘടന

(1)	ഫാമിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ	കൺവീനർ
(2)	ഫാമിൽ ജോലി ചെയ്യുന്ന കൃഷി ഓഫീസർ	അംഗം
(3)	ഫാമിൽ ജോലി ചെയ്യുന്ന കൃഷി അസിസ്റ്റന്റ്	"
(4)	അഗ്രികൾച്ചർ ഫീൽഡ് ഓഫീസർ	"
(5)	അംഗീകൃത ഫാം തൊഴിലാളികളുടെ രണ്ട് പ്രതിനിധികൾ (ഒരാൾ ഫാമിലെ തൊഴിലാളിയായിരിക്കണം)	അംഗങ്ങൾ
(6)	പ്രിൻസിപ്പൽ കൃഷി ഓഫീസർ	അംഗം
(7)	ഫാം സ്ഥിതി ചെയ്യുന്ന വാർഡിലെ ഗ്രാമപഞ്ചായത്ത് മെമ്പർ	"
(8)	ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്	"
(9)	ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്	"
(10)	ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്	"
(11)	ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ്	"

LIBRARY ARCHIVES Kerala Legislative Assembly